LIBRARY ARCHIVES Kerala Legislative Assembly

നാടുകാണി ജലനിധി പദ്ധതി

140(840) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മരുതോങ്കര ഗ്രാമപഞ്ചായത്തിലെ നാടുകാണി ജലനിധി പദ്ധതിയുടെ അറ്റകുറ്റ പണികൾക്ക് ഫണ്ട് അനുവദിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ ഉടമസ്ഥാവകാശം ഗുണഭോക്തൃ സമിതികൾക്കാണ്. പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാലന ചെലവും നടത്തേണ്ട ഉത്തരവാദിത്വം നിലവിൽ അതാത് ഗുണഭോക്തൃ സമിതികൾക്കു തന്നെയാണ്. നാളിതുവരെ പദ്ധതി നടപ്പാക്കി വിട്ടുതരാൻ പെയ്ത പഞ്ചായത്തുകളിലെ പദ്ധതികൾക്ക് തുടർ പരിപാലനത്തിന് ഫണ്ട് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തയിട്ടില്ല. പൂർത്തീകരിച്ച പദ്ധതികളുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിഹരിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു പരാതി പരിഹാരസെൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

141(841) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കുടി മണ്ഡലത്തിൽപ്പെട്ട പരിയാരം ഗ്രാമപഞ്ചായത്തിലെ കാർഷിക ആവശ്യങ്ങൾക്കായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) കോടശ്ശേരി-പരിയാരം സമഗ്രകുടിവെള്ള പദ്ധതിക്കായി വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി പരിയാരം-കാഞ്ഞിരപ്പുള്ളിയിലെ എം.പി.ഐ. വക സ്ഥലത്തിനും ആവശ്യമായ സ്ഥലം അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?